# കുറ്റ്യാടി നീര പ്ലാന്റ് ഉദ്ഘാടനം ഇന്ന്

കോഴിക്കോട്: കുറ്റ്യാടി നാളികേര ഉൽപാദക കമ്പനിയുടെ നീര പ്ലാന്റിന്റെ ഉദ്ഘാടനം ഇന്ന് 4.30ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. പ്രതിദിനം 8000 ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ പ്ലാന്റാണ് മരുതോങ്കരയിൽ സ്ഥാപിച്ചിട്ടുള്ളത്. രണ്ടേകാൽ കോടി രൂപയുടെ പദ്ധതിക്ക് കർഷക കൂട്ടായ്മകളിൽ നിന്ന് രണ്ടരക്കോടി രൂപ കണ്ടെത്തിയിട്ടുണ്ട്. എസ്.സി.എം.എസിന്റെ സാങ്കേതിക വിദ്യയും കോയമ്പത്തൂരിൽ നിന്നുള്ള എക്യുപ്മെന്റ് ഏജൻസിയുടെ മെഷിനറിയും ഉപയോഗിച്ചാണ് കമ്പനി നീര സംസ്കരിച്ച് വിപണിയിൽ ഇറക്കുന്നത്. കമ്പനിയുടേതായി 14 നീര ശേഖരണ കേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

നാളികേര കൃഷിയെയും കർഷകനെയും സംരക്ഷിക്കുന്നതിനും സുസ്ഥിര വില ഉറപ്പു വരുത്തുന്നതിനും കർഷകർ സംരംഭകരാകുന്ന കേര കർഷകകൂട്ടായ്മയാണ് കുറ്റ്യാടി നാളികേര ഉൽപാദക കമ്പനി.